LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് എയ്ഡഡ് മേഖലയിൽ പുതിയതായി കോഴ്സുകൾ ആരംഭിക്കാൻ നടപടി

76 [3602] *ശ്രീ. കെ. സി. ജോസഫ്*; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഹൈസ്കൂൾ പോലുമില്ലാത്ത എത്ര പഞ്ചായത്തുകൾ ഇപ്പോൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഹയർ സെക്കന്ററി കോഴ്സുകൾ എയ്ഡഡ്, ഗവൺമെന്റ് മേഖലകളിൽ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പുതിയതായി ഗവൺമെന്റ് മേഖലയിലോ എയ്ഡഡ് മേഖലയിലോ സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാല് പഞ്ചായത്തുകൾ ഉണ്ട്.

1. പനയം പഞ്ചായത്ത്, കൊല്ലം.
2. പെരുമണ്ണ പഞ്ചായത്ത്, കോഴിക്കോട്.
3. പടിയൂർ പഞ്ചായത്ത്, കണ്ണൂർ.
4. പൊൻമുണ്ടം പഞ്ചായത്ത്, മലപ്പുറം.

(ബി) വിവരം ഉടൻ ശേഖരിച്ചു നൽകുന്നതാണ്.

(സി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂളുകൾ തുടങ്ങുന്നതിനോ, അപ്ഗ്രേഡ് ചെയ്യുന്നതിനോ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

77 [3603] *ഡോ. തോമസ് ഐസക്*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ 2001-2002 മുതൽ 2004-2005 വരെയുള്ള ഓരോ വർഷവും എന്തു തുക എന്തൊക്കെ ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;